പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 385 17/10/2011-ൽ മറുപടിക്ക്

# ആദിവാസി കോളനികളുടെ സ്വയംപര്യാപ്തത

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.എ.വാഹീദ്<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി.മുഹമ്മദ്<br>ശ്രീ. എ.റ്റി.ജോർജ്. | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും<br>യുവജനകാര്യവും<br>കാഴ്ചബംഗ്ലാവുകളും<br>മൃഗശാലകളും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | പ്രാക്തന ഗോത്ര വർഗ്ഗക്കാരുടെ ഉപജീവന രക്ഷ ഉറപ്പാക്കുന്നതിനുള്ള സംയോജിത വികസന പരിപാടിയിൽ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളത്; | (എ) | കേരളത്തിലെ പ്രാക്തനഗോത്ര വർഗ്ഗക്കാരുടെ വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുവേണ്ടി ഇതിനകം വകുപ്പ് തലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷം കേന്ദ്ര സർക്കാരിൽ നിന്നും ലഭ്യമായ 9.60 കോടി രൂപ ഉപജീവന പദ്ധതികൾക്കും, ഭവന നിർമ്മാണത്തിനുമായി ചെലവഴിച്ചിട്ടുണ്ട്. കൂടാതെ പട്ടികവർഗ്ഗക്കാരിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന അടിയ, പണിയ, പ്രാക്തനഗോത്രവർഗ്ഗക്കാർക്കായുള്ള പ്രത്യേക പദ്ധതിയും തുടർ പദ്ധതിയായി നടപ്പിലാക്കി വരുന്നു. പതിമൂന്നാം ധനകാര്യകമ്മീഷൻ അവാർഡിൻെറ ഭാഗമായി ആരോഗ്യം, പരിസ്ഥിതി പരിപാലനം, പ്രൈമറി വിദ്യാഭ്യാസം, കുടിവെള്ളം, പോഷകാഹാരം, ഭവന നിർമ്മാണം, വൈദ്യുതി, റോഡുകൾ, ഭൂരഹിതരായവർക്ക് ഭൂമി നൽകൽ തുടങ്ങിയവയ്ക്കായി 148 കോടി രൂപ 4 വർഷം കൊണ്ട് ചെലവഴിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. (2011-15) കാലയളവിൽ അട്ടപ്പാടിയിലെ കുറുമ്പ, കാസർഗോഡ് ജില്ലയിലെ കൊറഗ, വയനാട് ജില്ലയിലെ കാട്ടുനായ്ക്ക, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കാടർ, മലപ്പുറം ജില്ലയിലെ ചോലനായ്ക്ക എന്നിവരുടെ സമഗ്രവികസനമാണ് ലക്ഷ്യമിടു- |

| | | | |
|---|---|---|---|
| | | | ന്നത്. ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രാരംഭഘട്ടമായി ഊരുകളെ സംബന്ധിച്ചിട്ടുള്ള അടിസ്ഥാന വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| (ബി)<br><br>(സി) | എല്ലാ ആദിവാസി കോളനികളും സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് എടുത്തിട്ടുള്ള നടപടികൾ എന്തെല്ലാം;<br>ഏതെല്ലാം സാമൂഹ്യ സാമ്പത്തിക വികസ ന പരിപാടികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്? | (ബി)<br>&<br>(സി) | ആദിവാസികോളനികളുടെ സ്വയം പര്യാപ്തതയും വികസനവും ലക്ഷ്യമാക്കി നിരവധി പദ്ധതികൾ പട്ടികവർഗ്ഗ വികസന വകുപ്പ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. ജീവനോപാധി പദ്ധതികൾക്കും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും വേണ്ടി പദ്ധതികൾ ഇതിനകം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കന്നുകാലികളെ വളർത്തി അതിൽ നിന്നും വരുമാനം ഉണ്ടാക്കുന്നതിന് പശു, പോത്തുകുട്ടി, ആട് എന്നിവ വാങ്ങി നൽകുന്നുണ്ട്. കൃഷി താത്പര്യമുള്ളവർക്കുവേണ്ടി സ്വന്തം മണ്ണിൽ കൃഷി ചെയ്ത് വരുമാനം ഉണ്ടാക്കുന്നതിന് കാർഷികോപ-കരണങ്ങൾ, വിത്ത്, വളം എന്നിവ വാങ്ങുന്നതിന് സാമ്പത്തിക സഹായവും നൽകി വരുന്നു. അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവതീയുവാക്കൾക്ക് തൊഴിലധിഷ്ഠിത കോഴ്സുകൾക്ക് സ്റ്റൈപ്പന്റോടു കൂടി ഐ.റ്റി.സി കളിൽ പരിശീലനം നടന്നു വരുന്നു. വയനാട് ജില്ലയിൽ പ്രവർത്തിച്ചു വരുന്ന പ്രിയദർശിനി റ്റി എസ്റ്റേറ്റ്, പ്രിയദർശിനി മോട്ടോർ ട്രാൻസ് പോർട്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, അമൃത് എന്നീ സ്ഥാപനങ്ങളിലും തൊഴിൽ നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ